പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എ. എ. റഹിം: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്താമത് റിപ്പോർട്ട് അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ടി. എ. മജീദ്: സർ, ആർ. എസ്. എസ്.-ന്റെ വ്യാപകമായ ആക്രമണത്തെപ്പറ്റി ഞങ്ങൾ നൽകിയ അടിയന്തിരപ്രമേയം അനുവദിക്കാതിരിക്കുവാൻ കാരണമെന്താണെന്നറിയണം.

(ഈ സമയത്ത് പല മെമ്പറൻമാരും എഴുന്നേറ്റുനിന്ന് പലതും വിളിച്ചു പറയുന്നുണ്ടായിരുന്നു).

മി. സ്പീക്കർ: ഓർഡർ, ഓർഡർ. എല്ലാപേരുംകൂടി ഒരുമിച്ചു പറഞ്ഞാൽ എങ്ങനെയാണ്?

ശ്രീ. ടി. എ. മജീദ്: ഞാൻ അടിയന്തിരപ്രമേയത്തെപ്പറ്റി പറയുകയാണ്.

മി. സ്പീക്കർ: അടിയന്തിരപ്രമേയത്തെപ്പറ്റി പറയാൻ ഇവിടെ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. ടി. എ. മജീദ്: അനുവദിക്കാത്തതിന്റെ കാരണം എന്താണെന്നറിയണം.

മി. സ്പീക്കർ: അത് ചേംബറിൽവന്ന് ചോദിച്ചാൽ മതി.

ശ്രീ. ടി. എ. മജീദ്: ഇത് ചേംബറിൽ പറയേണ്ട കാര്യമൊന്നുമല്ല. ഇത് പൊതുവായി ഈ രാജ്യത്തെ ബാധിക്കുന്ന ഒരു പ്രശ്നമെന്ന നിലയിൽ അടിയന്തിരപ്രമേയം തന്നാൽ അതിനെപ്പറ്റി യാതൊരു റഫറൻസുമില്ലാതെ ചേംബറിൽ പറയണമെന്നാണോ സ്പീക്കർ പറയുന്നത്?

മി. സ്പീക്കർ: എന്താണ് ഈ പറയുന്നത്?

ശ്രീ. ടി. എ. മജീദ്: എന്താണ് പറയുന്നത്, കാര്യമാണ് പറയുന്നത്. ഇതിനെപ്പറ്റി എന്താണ് പറയാനുള്ളതെന്നു നാട്ടുകാർക്ക് അറിയേണ്ടതുണ്ട്.

മി. സ്പീക്കർ: അടിയന്തിരപ്രമേയം അനുവദിച്ചാലേ അതിനെപ്പറ്റി പറയാൻ പാടുള്ളൂ. അനുവദിക്കാത്തതിന്റെ കാരണം എന്താണെന്ന് പറയേണ്ടതില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: നിയമം അനുസരിച്ച് അങ്ങ് പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ച് ഞാൻ ചോദ്യം ചെയ്യുന്നില്ല, പക്ഷേ ഇന്ന് സഭയുടെ അവസാനദിവസമാണ്. വളരെ ഗൗരുതരമായ ഒരു കാര്യത്തെ സംബന്ധിച്ച് ഞങ്ങൾക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ കഴിയുന്ന ഒരു മാർഗ്ഗമാണ് ഈ അടിയന്തിരപ്രമേയം. അത് അങ്ങ് പരിഗണിക്കാതിരുന്നതു കഷ്ടമായിപ്പോയി. ആർ. എസ്. എസ്.-ന്റെ ഈ

LIBRARY ARCHIVES Kerala Legislative Assembly

ദിവസങ്ങളിലെ പ്രവർത്തനം അങ്ങും കാണുന്നുണ്ടാകും. ഈ സഭയിലെ മെമ്പർമാർ എല്ലാം കാണുന്നുണ്ടാകും. അത് വളരെ ഗുരുതരമായി വന്നിരിക്കുന്നു.

മി. സ്പീക്കർ: ആറേഴ് അടിയന്തിരപ്രമേയങ്ങളാ ഇന്നു രാവിലെ കൊണ്ടുവന്നിട്ടുണ്ട്. ഏതെടുക്കാൻ കഴിയും?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതിൽ പ്രധാനപ്പെട്ടത് ഏതാണെന്നു നോക്കി എടുക്കണം. ഈ സഭ അവസാനിക്കുന്ന ദിവസമാണിന്ന്. ഏതെങ്കിലുമൊരു അടിയന്തിരപ്രമേയം എടുക്കാമായിരുന്നല്ലോ?

Mr. Speaker: No discussion is necessary in this matter.

ശ്രീ. ഇ. പി. ഗോപാലൻ: സർ, വളരെ പ്രധാനപ്പെട്ട സൈലൻറ് വാലി പോലെയുള്ള കാര്യങ്ങളാപോലും എടുക്കുന്നില്ലെന്നുള്ളതു കഷ്ടമാണ്. അടിയന്തിരപ്രമേയം എടുക്കുന്നില്ല എന്നെങ്കിലും പറയേണ്ടേ?

(ഈയവസരത്തിൽ വളരെയധികം മെമ്പർമാർ എഴുന്നേറ്റുനിന്ന് ഉച്ചത്തിൽ പലതും വിളിച്ചുപറയുന്നുണ്ടായിരുന്നു).

ശ്രീ. എ. പി. കുര്യൻ: നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങളിൽ ഒന്നായ ടെൽക് അടച്ചുപൂട്ടിയിട്ട് രണ്ടര മാസമായി. ഇതിനെപ്പറ്റി ഈ ഗവൺമെൻറ് എന്തു ചെയ്യുന്നു എന്നറിയണം. 1200 തൊഴിലാളികളാ ലോക്കൗട്ടിനു വിധേയരായിരിക്കുകയാണ്. ഇന്ന് സഭ തീരുകയാണ്. ഇക്കാര്യത്തിൽ എന്തു ചെയ്യുന്നു എന്നു പറയാനുള്ള മനോഭാവമെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഒന്നു പ്രകടിപ്പിക്കണം.

ഡോ: ജോർജ്ജ് മാത്യു: പത്തനംതിട്ട താലൂക്കിൽ മണ്ണീറ എന്ന സ്ഥലത്ത് 237 കുടുംബങ്ങളെ കുടിയിറക്കിയിരിക്കുകയാണ്. അവർ അവിടെ കഴിഞ്ഞ 1965 മുതൽ താമസിക്കുന്നവരാണ്. അവരെ മൃഗീയമായി മർദ്ദിച്ച് ഇന്നു പലരും ആശുപത്രിയിലാണ്. അവരെ മുഴുവൻ വഴിയാധാരമാക്കിയിരിക്കുകയാണ്. ഇക്കാര്യങ്ങളാ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ലെന്നു തോന്നുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. എല്ലാപേരുംകൂടി ഈ നിലയിൽ പറഞ്ഞാൽ എന്തെങ്കിലും മറുപടി പറയേണ്ടതാണെങ്കിൽപോലും മന്ത്രിക്ക് എങ്ങനെ മറുപടി പറയാൻ കഴിയും? എന്താണ് പറയുന്നതെന്നുപ്പോലും അറിയാൻ കഴിയാത്തനിലയിൽ അഞ്ചാറുപേർ ഒന്നിച്ച് എഴുന്നേറ്റുനിന്നു സംസാരിച്ചാൽ എന്താണ് ചെയ്യുക?

ശ്രീ. എ. പി. കുര്യൻ: ഓരോന്നായി പറയാം. മറുപടി പറഞ്ഞാൽ മതി.

ശ്രീ. എസ്. ത്യാഗരാജൻ: സർ, റൗഡികളും പോലീസുകാരുംകൂടി പൊതുജനങ്ങളെ തല്ലിയാൽ അതിന് അടിയന്തിരപ്രമേയം അനുവദിക്കുന്നില്ലെന്നുള്ളതു കഷ്ടമല്ലേ? കേരള കൗമുദി പത്രത്തിൽ ഇതിനെപ്പറ്റിയുള്ള വാർത്തകളാ വന്നു. കൊല്ലത്ത് പോലീസുകാരും സാമൂഹ്യവിരുദ്ധൻമാരും കൂടിച്ചേർന്നു പോലീസുകാരുടെ വേഷമണിഞ്ഞ് അർദ്ധരാത്രിയിൽ പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ വീടുകളിൽ കയറി വീടുകളാ തല്ലിത്തകർക്കുകയും അതിൻെറ ഫലമായി അനേകമാളുകളാ ആശുപത്രിയിലാകുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളതാണ്. പോലീസ് ഈ സാമൂഹ്യവിരുദ്ധൻമാർക്ക് കൂട്ടു നിൽക്കുന്നു. പോലീസിന്റെ വേഷമിട്ടുകൊണ്ട് പോലീസുകാരും സാമൂഹ്യവിരുദ്ധൻമാരും ചേർന്നു പാവപ്പെട്ട മൽസ്യത്തൊഴിലാളികളേയും പട്ടിണിക്കാരെയും അർദ്ധരാത്രിയിൽ അവർ വീടുകളിൽ കിടന്നുറങ്ങുമ്പോഴും വീടുകളിൽ കയറി വീടുകളും തല്ലിപ്പൊളിക്കുന്നു. സ്ത്രീപുരുഷഭേദമെന്യേ ആക്രമിക്കുന്നു. കുട്ടികളും ഉൾപ്പെടെയുള്ള ആറേഴുപേർ ഇപ്പോഴും ആശുപത്രിയിലാണ്. ഇതിനൊരു പരിഹാരമുണ്ടാക്കണം. 4 പേർ അത്യാസന്നനിലയിലാണ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിക്ക് എന്തു ചെയ്യാനുണ്ട്? പോലീസ് നയം എന്താണ്? സാമൂഹ്യവിരുദ്ധൻമാർക്ക് കൂട്ടുനിൽക്കുന്ന നയമാണോ പോലീസുകാർക്കുള്ളത്? മുഖ്യമന്ത്രി നയമില്ലെന്നു പറഞ്ഞിട്ടു കാര്യമില്ല. പോലീസിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിലുള്ള നയം പ്രഖ്യാപിക്കണം.

ഡോ: ജോർജ്ജ് മാത്യു: മണ്ണീറ എന്ന പ്രദേശത്ത് 237 കുടുംബങ്ങളാണ് ഇന്നു വഴിയാധാരമായിരിക്കുകയാണ്. അതിനെപ്പറ്റി മറുപടി പറയണം.....

ശ്രീ. കെ. സുകുമാരനുണ്ണി: സൈലൻറുവാലിയെ സംബന്ധിച്ചു പറയണം.....

ഡോ: ജോർജ്ജ് മാത്യു: സർ, ഈ കുടുംബങ്ങളാണ് ഇന്നു പെരുവഴിയിൽ കിടക്കുകയാണ്. അവരുടെ വീടുകളെല്ലാം തീകൊത്തിച്ചു കളഞ്ഞിരിക്കുകയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 1973 മുതൽ സത്യാഗ്രഹം നടത്തിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് അടിയന്തിരമായ നടപടിയെടുക്കണം. അവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഒരു സബ്മിഷൻ. ഇന്നു സഭ അവസാനിക്കുകയാണ്. പല പ്രധാനപ്പെട്ട കാര്യങ്ങളും അങ്ങയിൽക്കൂടി ഗവൺമെൻറിനെ അറിയിക്കുവാനുണ്ട്. അതു സാധിക്കാത്തതുകൊണ്ട് സബ്മിഷനായി അവതരിപ്പിക്കാം. ഇവിടത്തെ സ്ക്കൂട്ടർ ഫാക്ടറി അടച്ചിട്ടിട്ട് മൂന്നരവർഷമായി. എൻകോസിന്റെ കീഴിലുള്ള പല സ്ഥാപനങ്ങളും ഏറ്റെടുത്തു നടത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ മുന്നൂറിൽ ചിലപ്പോൾ തൊഴിലാളികളും പട്ടിണിയിലാണ്. ഒരുകോടിയിൽ ചിലപ്പോൾ രൂപയുടെ മെഷിനറി തുരുമ്പുപിടിച്ചു നശിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞകാല ഗവൺമെൻറിന്റെ തെറ്റായ വ്യവസായനയം കൊണ്ടോ എന്തോ ഇന്നു നൂറുകണക്കിനു തൊഴിലാളികളും പട്ടിണിയിൻ കിടക്കുകയാണ്. അവരെ രക്ഷിക്കുവാൻവേണ്ടി സ്ക്കൂട്ടർ ഫാക്ടറി ഏറ്റെടുക്കണം. അല്ലെങ്കിൽ കഷ്ടമാണ്. ഇതിനൊരു മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. യാതൊരു കാര്യവും നടക്കുന്നില്ല. ഈ വ്യവസായം നിലനിർത്താൻ കഴിയുമെന്നുള്ളതു വളരെ സ്പഷ്ടമാണ്. അതുകൊണ്ട് ഈ സ്ക്കൂട്ടർ ഫാക്ടറി ഏറ്റെടുത്ത് ഏതെങ്കിലും നിലയിൽ നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇടുക്കി ജില്ലയിൽ പതിനായിരക്കണക്കിനു ആളുകൾക്ക് പട്ടയം കൊടുക്കാനുള്ള ഓഫീസ് ഇന്നു മുതൽ നിർത്തലാക്കുകയാണ്. ഇന്നു മുതൽ നെടുംകണ്ടം ലാൻഡ് അസൈൻമെൻറ് ഓഫീസ് നിർത്തലാക്കുകയാണ്. ഏതാണ്ട് 25,000 അപേക്ഷകൾ പട്ടയം കിട്ടാൻവേണ്ടിയുണ്ട്. അതു നൽകാൻ അടിയന്തിരമായി നടപടി സ്വീകരിക്കണം. പട്ടയത്തിനുള്ള ഓഫീസ് നിർത്തുകയല്ല വേണ്ടത്, അതു കൊടുക്കാനുള്ള ഏർപ്പാട് ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: സൈലൻറുവാലിയെ സംബന്ധിച്ച് ഞാൻ അടിയന്തിരപ്രമേയം കൊടുത്തിട്ടുണ്ട്. സ്വീകരിക്കുന്നുണ്ടെങ്കിൽ ഉണ്ടെന്നു പറയണം, ഇല്ലെങ്കിൽ ഇല്ലെന്നു പറയണം. സൈലൻറുവാലിയാണ്, സൈലൻസ് എല്ലാം പൊയ്പ്പോകും.

മി. സ്പീക്കർ: അതിവിടെ പറയേണ്ട ആവശ്യമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ഇത് അടിയന്തിരമല്ലെന്നാണോ? റോഡപകടങ്ങൾ അടിയന്തിരമാണ്, മറ്റു പലതും അടിയന്തിരമാണ്. ഈ സംസ്ഥാനത്തു ജീവൽപ്രധാനമായിട്ടുള്ളത് അടിയന്തിരമല്ലെന്നാണോ?

മി. സ്പീക്കർ: ഞാൻ താങ്കളോട് അതിനെ സംബന്ധിച്ച് പറഞ്ഞു. പിന്നെയും ഇങ്ങനെ ചോദിക്കണമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സൈലൻറുവാലി വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇന്നും പത്രത്തിൽ വാർത്ത വന്നു, അങ്ങും വായിച്ചുകാണും. അടിയന്തിരപ്രമേയം ഇല്ലെങ്കിലും മുഖ്യമന്ത്രി സഭയുടെ മുന്നിൽവന്ന ഇക്കാര്യത്തെ സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്യുമെന്നു ഞങ്ങളിൽ പലരും പ്രതീക്ഷിച്ചിട്ടുള്ളതാണ്. പ്രധാനമന്ത്രി എന്തോ തീരുമാനിച്ചിരിക്കുന്നു എന്ന് ഇന്നും പത്രത്തിൽ കണ്ടു. കേരള ഗവൺമെൻറിനോട് ആവശ്യപ്പെടാൻ പോകുന്നുപോലും. ആരാണ് സർ ഈ പ്രധാനമന്ത്രി? കേരളത്തിലെ ആളുകളോട് ഒരു ചർച്ചയും നടത്താതെ പദ്ധതി വേണ്ട എന്നു തീരുമാനിച്ചുവത്രേ! ഇന്നു രാവിലെ റേഡിയോവിലും ഞാൻ കേട്ടു. അതുകൊണ്ട് അടിയന്തിരപ്രമേയം ഒന്നും ഇല്ലെങ്കിൽ പോലും സ്വയം മുഖ്യമന്ത്രിക്ക് ഇവിടെ വന്നു പറയാമെന്നുള്ളതാണ്. ഒന്നും മിണ്ടാതിരുന്നാൽ മതിയോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഏതായാലും ഇത്രയും കാര്യങ്ങൾ ഇവിടെ വന്നു. സൈലൻറുവാലി നിർത്തൽ ചെയ്യണമെന്ന തീരുമാനം ഇന്നത്തെ പത്രത്തിലാണ് വന്നിട്ടുള്ളത്. ആലപ്പുഴ ജില്ലയിലെ പല ഭാഗങ്ങളും വെള്ളത്തിലാകുന്ന മുല്ലപ്പെരിയാർ അണക്കെട്ടിൻറെ കാര്യത്തിൽ കഴിഞ്ഞ ദിവസം എന്താണിവിടെ പറഞ്ഞതെന്നു ഞങ്ങൾ അറിഞ്ഞിട്ടില്ല. ഇക്കാര്യങ്ങളെപ്പറ്റി ഗവൺമെൻറ് എന്താണ് ചെയ്യാൻ പോകുന്നതെന്നുള്ളതിനെ സംബന്ധിച്ച് മുഖ്യമന്ത്രി ഒരു പ്രസ്താവന ചെയ്യണമെന്നു ശ്ലേർത്ഥിക്കുകയാണ്.

ശ്രീ. പി. ബി. ആർ. പിള്ള: സൈലൻറുവാലിയെ സംബന്ധിച്ച് അരമണിക്കൂർ ചർച്ചയ്ക്ക് ഞാൻ സെക്രട്ടറിയേറ്റിൽ എഴുതി കൊടുത്തിട്ടുള്ളതാണ്.

മി. സ്പീക്കർ: അതിനെപ്പറ്റി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഹൈക്കോടതിയിൽ കേസ് നിലനിൽക്കുമ്പോഴും പോലും കേന്ദ്രഗവൺമെൻറ് ഒരു തീരുമാനം എടുത്തുവത്രേ? പ്രധാനമന്ത്രി തീരുമാനമെടുത്തിരിക്കുന്നു. പദ്ധതിയുമായി മുന്നോട്ടുപോകാൻ പാടില്ലെന്നു കേരള ഗവൺമെൻറിനോട് ആവശ്യപ്പെടുന്നുവത്രേ. അപ്പോഴാ ഹൈക്കോടതി ഒരു തീരുമാനമെടുക്കുന്നതിനു മുമ്പല്ലേ പ്രധാനമന്ത്രിയുടെ ഈ തീരുമാനം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് ഞങ്ങൾക്കുവേണ്ടി കാര്യങ്ങൾ ഒന്നു അന്വേഷിച്ചുതരാൻ ശ്രീ. പി. കെ. വിയോട് പറയണം.

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ വക്കാലത്തൊന്നും ഞങ്ങൾക്കാർക്കുമില്ല; ചന്ദ്രശേഖരൻ മനസ്സിലാക്കണം. എന്തു പ്രധാനമന്ത്രിയായാലും തെറ്റായ ഒരു തീരുമാനമെടുത്താൽ അതിൽ ശക്തിയായി ഞങ്ങൾ പ്രതിഷേധിക്കും.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു സബ്മിഷൻ. ഇവിടെ പലരും അടിയന്തിരപ്രമേയത്തിനു നോട്ടീസ് നൽകിയിരിക്കുന്നു. അടിയന്തിരപ്രമേയം മെൻഷൻ ചെയ്യാനും ചെയ്യാതിരിക്കാനും ഉള്ള അവകാശം അങ്ങയ്ക്കുള്ളതാണ്. ഈ സഭയിൽ അടിയന്തിരപ്രമേയങ്ങൾ സാധാരണ മെൻഷൻ ചെയ്യാറുണ്ട്, മെൻഷൻ ചെയ്യാതെ വിടാറില്ല. സർ, കൊല്ലത്തു റൗഡികൾ പോലീസുകാരുടെ വേഷത്തിൽ രാത്രി കാലങ്ങളിൽ വീടുകളിൽ കയറി ആളുകളെ മർദ്ദിക്കുകയും കവർച്ച ചെയ്യുകയും ചെയ്യുന്നതായ ഒരു വാർത്ത കേരളത്തിലെ ഒരു പ്രമുഖപത്രത്തിൽ വരികയുണ്ടായി. കൊല്ലത്തെ ജനങ്ങൾ ഭയവിഹ്വലരാണ്. പോലീസും റൗഡികളും ചേർന്നാണ് ഇതു നടത്തുന്നത്. ഇതു സംബന്ധിച്ച് ഒരു അടിയന്തിരപ്രമേയം കൊടുത്തിരുന്നു. അത് അങ്ങ് മെൻഷൻ ചെയ്തില്ല. ഇതു സംബന്ധിച്ച് ഗവൺമെൻറിനെക്കൊണ്ട് ഒരു അക്ഷരം ഇവിടെ പറയിക്കാൻ കഴിഞ്ഞിട്ടില്ല. റൗഡികൾ പോലീസ് വേഷത്തിൽ മനുഷ്യരെ ആക്രമിക്കുന്നതിനു ഈ സഭയെ സംബന്ധിച്ചിടത്തോളം അടിയന്തിരസ്വഭാവമില്ലേ സർ? അങ്ങനെയാണെങ്കിൽ സർ, ഈ രാജ്യത്തെ ജനങ്ങളുടെ സ്വത്തിനും ജീവനും സൈ്വരജീവിതത്തിനും ഈ ഗവൺമെൻറിൻെറ നിലപാട് എന്താണെന്നു അറിയണ്ടേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഉണ്ണി ഈ സഭാ നടപടികൾ അറിയുന്ന വ്യക്തിയെന്ന നിലയിൽ ഇങ്ങനെ പറയുന്നത് വളരെ വേദനയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഞങ്ങൾ പ്രതിനിധാനം ചെയ്യുന്ന ജനങ്ങൾക്കുവേണ്ടി അവരെ അലട്ടുന്ന ഒരു പ്രശ്നം, അവരെ ഭയപ്പെടുത്തുന്ന ഒരു പ്രശ്നം—അത് ഉന്നയിക്കാൻ അവസരം വേണ്ടേ?

മി. സ്പീക്കർ: ഒരു നടപടിക്രമവുമില്ലാതെ ഓരോരുത്തർ എഴുന്നേറ്റു നിന്ന് പലതും പറയുന്നത് എത്ര ശരിയാണ്. ചട്ടങ്ങൾ ഒന്നും ഇല്ലെന്നാണോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ സമ്മേളനത്തിൻെറ അവസാനദിവസമാണ്, ഈ സഭയുടെയും അവസാനദിവസമാണ് എന്നുള്ള നിലയിൽ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഉൽക്കണ്ഠയുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ; ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാം കേട്ടല്ലോ. അദ്ദേഹത്തിനു പറയാനുള്ളത് ഒന്നു കേൾക്കട്ടെ. പോലീസ് നയം, മുല്ലപ്പെരിയാർ, ആർ. എസ്. എസ്., സൈലൻറുവാലി, ടെൽക്ക്, സ്ക്കൂട്ടർ ഫാക്ടറി ഇതിനെ സംബന്ധിച്ചെല്ലാം പറയട്ടെ.

മി. സ്പീക്കർ: ആർഡർ, ആർഡർ, നിയമനിർമ്മാണത്തിലേക്ക് സഭ കടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly